"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ. ജയൻ പി മുതൽപേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 108/2023 നമ്പർ കേസിന്മേലുള്ള 07.03.2025 തീയതിയിലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1410/2025/LSGD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 14/82/എൽ.ബി.ആർ തീയതി. 22.04.1982
2. സ.ഉ (എം.എസ്) നം. 91/2001/തസ്വഭവ തീയതി. 29.03.2001
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2024 തീയതിയിലെ LSGD/701/2023-DEF4 നമ്പർ കത്ത്
4. ശ്രീ.ജയൻ പി മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)108/2023 നമ്പർ കേസിന്മേലുള്ള 07.03.2025 തീയതിയിലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

പുനലൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർമാരുടെ നിയമനത്തിനായി 2019-ൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന ലഭ്യമാക്കിയ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി നഗരസഭ തെരെഞ്ഞെടുത്ത 8 പേരിൽ , 3 പേർ അനർഹരാണെന്നും അവരെ ഒഴിവാക്കി അർഹരായവരെ നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജയൻ പി മുതൽ പേർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) 11450/2020 നമ്പർ കേസിന്മേലുള്ള 11.06.2020 തീയതിയിലെ വിധിന്യായ പ്രകാരം നടപടിക്രമങ്ങൾ അനുസരിച്ച് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പുതിയ ലിസ്റ്റ് ലഭ്യമാക്കി നിയമനം നടത്താൻ മുനിസിപ്പൽ സെക്രട്ടറിക്ക് നഗരകാര്യ ഡയറക്ടർ 19.10.2020-ൽ ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവ് പ്രകാരം പുതിയ ലിസ്റ്റ് വന്നാൽ വർഷങ്ങളായി നഗരസഭയിൽ ജോലി ചെയ്യുന്ന ഹർജിക്കാർ ഉൾപ്പെടെയുള്ളവർ ഒഴിവാക്കപ്പെടുമെന്ന് ചൂണ്ടിക്കാട്ടി ആയത് നടപ്പാക്കുന്നത് നിർത്തിവെച്ച്, ഹർജിക്കാരെ പകരം തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജയൻ പി ഉൾപ്പെടെയുള്ളവർ WP(C) 25509/2020 എന്ന കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. ഈ കേസിൽ 08.12.2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കേസിലെ ഹർജിക്കാരായ 5 പേരെയും നഗരസഭയിലെ താൽക്കാലിക ജീവനക്കാരിയായ സരസമ്മയെയും ഉൾപ്പെടെ 6 പേരെ പകരം തൊഴിലാളികളാക്കി 06.09.2021-ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുനലൂർ നഗരസഭാ കൗൺസിൽ അംഗീകരിക്കുകയുണ്ടായി.

2. പകരം തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജയൻ പി മുതൽ പേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 108/2023 എന്ന കേസിലെ 05.09.2024 ലെ ഇടക്കാല ഉത്തരവിൽ എക്സിബിറ്റ് പി2 കൗൺസിൽ തീരുമാനം, നഗരസഭാ സെക്രട്ടറിയുടെ ആമുഖ കത്ത് സഹിതം ഉത്തരവ് തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കകം ഹർജിക്കാർ 4-ാം എതിർ കക്ഷിയായ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും തുടർന്നുള്ള മൂന്ന് മാസത്തിനകം എക്സിബിറ്റ് പി2 കൗൺസിൽ തീരുമാനത്തിന്മേൽ 4-ാം എതിർ കക്ഷിയായ സർക്കാർ തീരുമാനം കൈക്കൊള്ളുവാനും നിർദേശിച്ചിരുന്നു. ടി കേസിലെ ഹർജിക്കാർ പുനലൂർ നഗരസഭയിൽ സബ്സ്റ്റിറ്റ്യൂട്ട് സാനിറ്റേഷൻ വർക്കർമാരായി ജോലി ചെയ്തു വരുന്നവരാണ്. ഹർജിക്കാരുൾപ്പെടെയുള്ള സബ്സ്റ്റിറ്റ്യൂട്ട് സാനിറ്റേഷൻ വർക്കർമാരുടെ ലിസ്റ്റ് അംഗീകരിച്ച 06.09.2021 ലെ പുനലൂർ നഗരസഭയുടെ കൗൺസിൽ തീരുമാനമാണ് എക്സിബിറ്റ് പി2.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. The Kerala Municipality Act, 1994, Sec 224, Appointing Authorities നെ സംബന്ധിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പ് താഴെപറയും പ്രകാരമാണ്.-

" Section 224 (1) - The Council shall be the appointing authority in respect of the contingent posts in the Municipal Service and appointment orders in respect of them shall be issued by the Secretary, with the approval of the Council.

(2) The Government or the officer authorised by them in this behalf shall be the appointing authority in respect of all other posts whether they are included in the Municipal Common Service or not. "

Section 224(1) പ്രകാരം കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരി മുനിസിപ്പൽ കൗൺസിൽ ആണ്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനത്തിനായി പകരക്കാരായ കണ്ടിജന്റ് തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പരാമർശം (2) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസകൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിനുള്ള യോഗ്യതരീതി സംബന്ധിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരി മുനിസിപ്പൽ കൗൺസിൽ ആണെന്നതിനാൽ കൗൺസിൽ തീരുമാനം പുന:പരിശോധിക്കുന്നതിന് സർക്കാരിന് The Kerala Municipality Act, 1994, പ്രകാരം അധികാരം നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് -ലെ സെക്ഷൻ 57-പ്രകാരം നഗരസഭയുടെ resolutions -നെ suspend and cancel ചെയ്യാൻ സർക്കാരിന് അധികാരം നല്കിയിട്ടുള്ളതായി കാണുന്നു.

" 57. Power to suspend and cancel resolutions etc.-

(1) The Government may, suo-motu or on a reference by the Chairperson, the

Secretary, or a Councillor of the Municipality or on a petition received from a citizen, cancel or amend a resolution passed or a decision taken by the council which in their opinion

(a) has not been legally passed or taken; or

(b) is in excess or abuse of the powers conferred by this Act or any other law; or

(c) is likely to endanger human life, health safety communal harmony or public peace, or is likely to lead to a riot or quarrel; or

(d) has violated the guidelines issued by the Government in the matter of implementation of plans, schemes or programmes or the conditions of grants.

(2) Before cancelling or amending a resolution or decision under sub-section(1), the Government shall refer the matter for the consideration of the Ombudsman constituted under Section 271 G of the "Kerala Panchayat Raj Act, 1994 or to the Tribunal for the Local Self Government Institutions constituted under Section 271 S of the said Act and the Tribunal shall, after giving the Municipality an opportunity of being heard, furnish a report to the Government with its finding based on which the Government may cancel , amend or approve that resolution or decision.

(3) The Government shall not entertain any petition for cancellation or amendment of any resolution or decision of the council if an alternate redressal is available to the petitioner through the Tribunal under section 509.

(4) Where the Government are of opinion that a resolution or a decision of the Council shall be cancelled or amended under sub-section (1), they may temporarily stay the implementation of Such resolution or decision and may direct the council to keep its implementation in abeyance till it is finally disposed of by completing the procedure under sub-section (2). "

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് -ലെ സെക്ഷൻ 57-ലെ വ്യവസ്ഥകൾ പ്രകാരം കൗൺസിൽ പാസാക്കിയ resolution or decision taken സർക്കാരിന്റെ അഭിപ്രായത്തിൽ 57 (a) മുതൽ (d) വരെയുള്ള കാരണങ്ങൾ പ്രകാരമാണ് എന്നു കാണുന്നപക്ഷം അത്തരം പ്രമേയം അല്ലെങ്കിൽ തീരുമാനം cancel or amend ചെയ്യാനുള്ള അധികാരം സർക്കാരിനുള്ളതായി കാണുന്നു. അപ്രകാരം cancel or amend ചെയ്യുന്നതിനു മുമ്പായി 57(2)-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതായും ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനം സംബന്ധിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് -ലെ സെക്ഷൻ 57(1)-ലെ (a) മുതൽ (d) വരെയുള്ള കാരണങ്ങളാൽ മാത്രമേ നഗരസഭയുടെ തീരുമാനങ്ങൾ സർക്കാരിന് പുനപരിശോധിക്കുവാനുള്ള വ്യവസ്ഥയുള്ളതായി കാണുന്നുള്ളൂ. അതിൽ (a),(b),(c) -ലെ കാരണങ്ങൾ ഇവിടെ നിലനില്ക്കുന്നതായി കാണുന്നില്ല. (d)-ൽ പരാമർശിച്ചിട്ടുള്ളതിൻപ്രകാരം implementation of plans, schemes or

programmes or the conditions of grants-നെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടന്നിട്ടുണ്ടെങ്കിൽ അത്തരത്തിലുള്ള കൗൺസിൽ തീരുമാനങ്ങൾ/resolutions റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ട്. എന്നാൽ സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനം സംബന്ധിച്ച് പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ implementation of plans, schemes or programmes or the conditions of grants-നെ സംബന്ധിച്ചുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് -ലെ സെക്ഷൻ 57(1) (d) -ൽ ഉൾപ്പെടുന്നതാണെന്നു കാണുന്നില്ല. ആയതിനാൽ സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനത്തിനുള്ള കൗൺസിൽ തീരുമാനത്തെ സംബന്ധിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് -ലെ സെക്ഷൻ 57 ബാധകമാക്കാൻ ഉതകുന്ന കാരണങ്ങൾ ഇല്ലായെന്നു കാണുന്നു.

5. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനം അതാത് മുനിസിപ്പൽ കൗൺസിലുകളുടെ അധികാരപരിധിയിലായതിനാലും പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി പുനലൂർ നഗരസഭയുടെ resolution റദ്ദാക്കുന്നതിനോ പുന:പരിശോധിക്കുന്നതിനോ നിയമസാധുത ഇല്ലെന്നതിനാലും, WP(C) No.108/2023 നമ്പർ കേസിലെ ഹർജിക്കാരുൾപ്പെടെയുള്ള 6 പേരെ ഉൾപ്പെടുത്തി സാനിറ്റേഷൻ വർക്കർമാരുടെ ലിസ്റ്റ് അംഗീകരിച്ച, പുനലൂർ നഗരസഭയുടെ 06.09.2021 ലെ 1-ാം നമ്പർ തീരുമാനം (Ext P2) നടപ്പിലാക്കുന്നത് സംബന്ധിച്ച്, നഗരസഭയുടെ അടുത്ത കൗൺസിലിൽ തന്നെ ഹർജിക്കാർക്ക് സബ്സ്റ്റിറ്റ്യൂട്ട് സാനിറ്റേഷൻ വർക്കർമാരുടെ വേതനം നൽകുന്നത് സംബന്ധിച്ച അജണ്ട സമർപ്പിക്കുവാനും ആയതിന്മേലുള്ള കൗൺസിൽ തീരുമാനം സഹിതം സർക്കാരിൽ അറിയിക്കുവാനും പുനലൂർ നഗരസഭ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

6. ബഹു കേരള ഹൈക്കോടതിയുടെ WP(C)108/2023 നമ്പർ കേസിന്മേലുള്ള 07.03.2025 തീയതിയിലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
3. സെക്രട്ടറി, പുനലൂർ നഗരസഭ
4. Sri. Jayan P, Thengumtharayil Veedu, Aikkarakkonam, Kakkode P O, Punalur, Kollam, 691331
5. Sri. Aby C M, Manuvila, Kochuveedu, Kuithirachira, Punalur, Kollam, 691305
6. Smt. Bindulal M, Maruthaman, Near Market, Punalur, Kollam, 691305
7. Smt. Sarasamma S, Aswathi Bhavan, Kelankavu, Punalur, Kollam, 691325
8. Smt. Sindulal M, Maruthaman, Near Market, Punalur, Kollam, 691305
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

11. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 06-06-2025 13:52:37

സെക്ഷൻ ഓഫീസർ